# ഭരണഭാഷ - മാതൃഭാഷ

## സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്, തിരുവനന്തപുരം

dtekerala@gmail.com

04712561307

**നടപടിക്രമം**

സാങ്കേതിക വിദ്യാഭ്യാസം-ജീവനക്കാര്യം-OA(EKM) 903/2021-ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 19.7.2021 ലെ ഇടക്കാല ഉത്തരവ്-ശ്രീമതി.ബിന്ദു അഗസ്റ്റിൻ-ട്രേഡ്സ്മാൻ (ടെക് സ്റ്റൈൽ ടെക്ക്നോളജി) തസ്തികയിലേക്കുള്ള റിവർഷൻ റദ്ദ് ചെയ്ത് ട്രേഡ് ഇൻസ്ട്രക്ടർ തസ്തികയിൽ നിലനിർത്തി ഉത്തരവ് പുറപ്പെടുവിക്കുന്നത് -സംബന്ധിച്ച്

---

ജീവനക്കാര്യം (ബി). - വിഭാഗം

നം: EB2/16835/21/ഡി.ടി.ഇ തിരുവനന്തപുരം , തീയതി: 01.08.2021

---

വായന:- 1.ഈ കാര്യാലയത്തിൽ നിന്നുള്ള 29.5.2021 ലെ ഇസി4/2827/21 നമ്പർ ഉത്തരവ്.

2.ഈ കാര്യാലയത്തിൽ നിന്നുള്ള 13.7.2021 ലെ ഇതേ നമ്പർ ഉത്തരവ്

3.OA(EKM) 903/2021 ൽ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 19.7.2021 ലെ ഇടക്കാല ഉത്തരവ്

**ഉത്തരവ്**

ടെക്സ്റ്റൈൽ ടെക്ക്നോളജി ബ്രാഞ്ചിൽ ഡെമോൺസ്ട്രേറ്റർ തസ്തികയിൽ ഒഴിവില്ലാതെ വന്ന സാഹചര്യത്തിൽ ശ്രീമതി ഷാജില പി.സി., ശ്രീമതി ബിന്ദു അഗസ്റ്റിൻ എന്നിവരെ ട്രേഡ് ഇൻസ്ട്രക്ടർ തസ്തികയിലേക്ക് റിവർട്ട് ചെയ്തുകൊണ്ട് മേൽവായന (1) പ്രകാരം ഉത്തരവായിരുന്നു. എന്നാൽ ട്രേഡ് ഇൻസ്ട്രക്ടർ (ടെക്സ്റ്റൈൽ ടെക്ക്നോളജി) തസ്തികയിൽ ഒരാളെ ഉൾക്കൊള്ളാനുള്ള സാധ്യത മാത്രം ഉണ്ടായിരുന്നതിനാൽ ശ്രീമതി ഷാജില പി.സി. യെ ട്രേഡ് ഇൻസ്ട്രക്ടർ തസ്തികയിലും ശ്രീമതി ബിന്ദു അഗസ്റ്റിനെ ട്രേഡ്സ്മാൻ തസ്തികയിലും റിവർട്ട് ചെയ്തുകൊണ്ട് വായന(2) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ഇതിനെതിരെ സമർപ്പിക്കപ്പെട്ട ഹർജിയിൻമേൽ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 19.7.2021 ലെ ഇടക്കാല ഉത്തരവിൽ ശ്രീമതി ബിന്ദു അഗസ്റ്റിനെ ട്രേഡ് ഇൻസ്ട്രക്ടർ തസ്തികയിൽ തന്നെ നിലനിർത്താൻ വായന(3) പ്രകാരം ഉത്തരവായിരിക്കുന്നു.

ടെക്സ്റ്റൈൽ ടെക്ക്നോളജി ട്രേഡിൽ ഒഴിവില്ലാത്ത സാഹചര്യത്തിൽ ട്രേഡ് ഇൻസ്ട്രക്ടർ തസ്തികയിലെ അംഗബലം അധികരിക്കാതെ ഷൊർണ്ണൂർ ഐ.പി.റ്റി. & ജി.പി.റ്റി. യിൽ ഒഴിവുള്ള ട്രേഡ് ഇൻസ്ട്രക്ടർ (പ്രിന്റിംഗ്) തസ്തികയിൽ ശ്രീമതി ബിന്ദു അഗസ്റ്റിനെ താൽക്കാലികമായി നിയമിച്ചുകൊണ്ട് ഉത്തരവാകുന്നു. ട്രേഡ് ഇൻസ്ട്രക്ടർ (ടെക്സ്റ്റൈൽ ടെക്ക്നോളജി) തസ്തികയിൽ 2022 ലെ വിരമിക്കൽ ഒഴിവിലോ അതിനുമുമ്പ് മറ്റേതെങ്കിലും സാഹചര്യത്തിൽ ഈ തസ്തികയിൽ ഒഴിവുണ്ടാകുകയാണെങ്കിലോ ടിയാളെ തിരികെ നിയമിച്ച് ട്രേഡ് ക്രമീകരിക്കുന്നതായിരിക്കും.

ഇപ്രകാരം 19.7.2021 ലെ ട്രൈബ്യൂണൽ ഉത്തരവ് നടപ്പിലാക്കി തീർപ്പുകല്പിക്കുന്നു.

ഒപ്പ് /-

ഡോ. സിസ തോമസ്
സീനിയർ ജോയിൻറ് ഡയറക്ടർ (ഇ സി
എസ്)

പകർപ്പ്

1. ശ്രീമതി.ബിന്ദു അഗസ്റ്റിൻ, ട്രേഡ്ഇൻസ്ട്രക്ടർ

Draft #2 of File EB2/16835/21/DTE Approved by Senior Joint Director (ECS) on 01-Aug-2021 09:36 PM - Page 1

2.പ്രിൻസിപ്പാൾ
ഐ.പി.റ്റി. & ജി.പി.റ്റി. ഷൊർണ്ണൂർ
3.പ്രിൻസിപ്പാൾ
സർക്കാർ പോളിടെക്ക്നിക്ക് കോളേജ്, കൊരട്ടി
4.അഡ്വക്കേറ്റ് ജനറൽ(ആമുഖ കത്ത് സഹിതം)
കരുതൽ/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്

Draft #2 of File EB2/16835/21/DTE Approved by Senior Joint Director (ECS) on 01-Aug-2021 09:36 PM - Page 2